പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1407 03.12.2018 ൽ മറുപടിയ്ക്ക്

## പട്ടയം നൽകുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | കുന്നത്തുനാട് താലൂക്കിൽ ഐക്കരനാട് നോർത്ത് വില്ലേജിൽ ശ്രീമതി ചിന്നമ്മ ജോർജ്, തോട്ടപ്പിള്ളിൽ, പെരിങ്ങോൾ നൽകിയ ഭൂമി പതിവ് അപേക്ഷയിൽ ( File No. A3 135/2018) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;<br>(ബി) | (എ)യും (ബി) യും<br><br>കുന്നത്തുനാട് താലൂക്കിൽ ഐക്കരനാട് നോർത്ത് വില്ലേജിൽ ശ്രീമതി ചിന്നമ്മ ജോർജ്, തോട്ടപ്പിള്ളിൽ, പെരിങ്ങോൾ നൽകിയ ഭൂമി പതിവ് അപേക്ഷ നിരസിച്ചുകൊണ്ട് 30/11/2018-ലെ 135/എ3/2018/റവ നമ്പർ കത്ത് പ്രകാരം അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ടിയാൾക്ക് പട്ടയം ലഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങൾ ആണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

നം135/എ3/2018/റവ.

റവന്യൂ (എ) വകുപ്പ്,
30/11/2018,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീമതി.ചിന്നമ്മ ജോർജ്,

തോട്ടപ്പിള്ളിൽ,

കോലഞ്ചേരി പി.ഒ

പെരിങ്ങോൾക്കര,

ഐക്കരനാട്,

കുന്നത്തുനാട് താലൂക്ക്.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ഭൂമി പതിവ് - കുന്നത്തുനാട് താലൂക്ക്- ഐക്കരനാട് നോർത്ത് - സർവ്വെ നം. 428/4 ൽപ്പെട്ട ഭൂമി – സംബ

സൂചന:- താങ്കളുടെ 24.03.2018-ലെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീമതി. ചിന്നമ്മ ജോർജ്ജിന്റെ പേരിൽ കുന്നത്തുനാട് താലൂക്കിൽ മഴുവന്നൂർ വില്ലേജിൽ ബ്ലോക്ക് 46 സർവ്വെ 308/4-4 ൽ 2.02 ആർ സ്വകാര്യ പട്ടയഭൂമി ഉള്ളതാണെന്നും ടിയാളുടെ മാതാപിതാക്കളുടെ പേരിൽ മഴുവന്നൂർ വില്ലേജിൽ ബ്ലോക്ക് 46 സർവ്വെ 308/5 ൽ 0.39 ആർ സർവ്വെ നം.308/4 ൽ 4.96 ആർ ഭൂമി എന്നിവ ഉണ്ടെന്നും അപേക്ഷകയുടെ മകൻ വിദേശത്ത് ജോലി ചെയ്യുന്നതും ടിയാളുടെ വരുമാനം തെളിയിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണെന്നും PVIP കനാൽ പുറമ്പോക്ക് റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെടുന്നില്ലെന്നും ടി വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം കൈവശരേഖ നൽകിയിട്ടുണ്ടെങ്കിൽ കൂടി നിലവിലുള്ള ചട്ടപ്രകാരം ടി ഭൂമി ഒഴിപ്പിച്ചുനൽകേണ്ടതാണെന്നും സ്വകാര്യ പട്ടയ ഭൂമി ഉള്ള സാഹചര്യത്തിൽ നിലവിലുള്ള ഭൂമി പതിവ് നിയമ പ്രകാരവും 27.7.2011 ലെ ജി.ഒ (എം.എസ്)

നം.280/2011/റവ നമ്പർ ഉത്തരവ് പ്രകാരവും ഭൂമി പതിവിന് അർഹതയില്ലെന്ന് കണ്ടെത്തിയതിനാൽ താങ്കളുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**JAYA.V.V.**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ